REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 02-06-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **നൂറ്റാണ്ടുകൾ പഴക്കമേറിയ സാംസ്കാരികവും നാഗരികവും ആത്മീയവുമായ ബന്ധമാണ് ഇന്ത്യയും മ്യാൻമറും തമ്മിലെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.**
- **16-ാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പ് ഇന്ന്.**
- **സംസ്ഥാനത്തെ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി V.D.സതീശൻ.**
- **ലഹരിക്കെതിരെ സംസ്ഥാന ആഭ്യന്തര വകുപ്പ് ആരംഭിച്ച 'ഓപ്പറേഷൻ തൂഫാൻ; ദി നാർക്കോ ഹണ്ടിന്' ഇന്ന് തുടക്കമാകും.**
- **പ്ലസ് വൺ, VHSE പ്രവേശനത്തിന് നാളെ വരെ അപേക്ഷകൾ സ്വീകരിക്കും.**

## വാർത്തകൾ വിശദമായി

നൂറ്റാണ്ടുകൾ പഴക്കമേറിയ സാംസ്കാരികവും നാഗരികവും ആത്മീയവുമായ ബന്ധമാണ് ഇന്ത്യയും മ്യാൻമറും തമ്മിൽ പങ്കിടുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. മ്യാൻമറിന്റെ പുതിയ പ്രസിഡന്റായി ചുമതലയേറ്റ യു മിൻ ഓങ് ഹ്ലൈങ്ങിന് രാഷ്ട്രപതി ഭവനിൽ നൽകിയ സ്വീകരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

ഇന്ത്യയുമായി കര അതിർത്തി പങ്കിടുന്ന ഒരേയൊരു ആസിയാൻ രാജ്യമായതിനാൽ തെക്കുകിഴക്കൻ ഏഷ്യയിലേക്ക് ഇന്ത്യയുടെ പ്രവേശന

കവാടമാണ് മ്യാൻമറെന്ന് രാഷ്ട്രപതി വ്യക്തമാക്കി. ഇരുരാജ്യങ്ങളും തമ്മിലെ ഉഭയകക്ഷി പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താൻ പുതിയ ഗവൺമെന്റുമായി ചേർന്ന് പ്രവർത്തിക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയും മ്യാൻമർ പ്രസിഡണ്ട് യു മിൻ ഓങ് ഹ്ലെയിങ്ങും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വ്യാപാരം, സാമ്പത്തിക ബന്ധങ്ങൾ, രാജ്യരക്ഷ, അതിർത്തി സുരക്ഷ, വികസന സഹായം, സാംസ്കാരിക വിനിമയങ്ങൾ, പ്രാദേശിക സാഹചര്യം എന്നീ ഉഭയകക്ഷി വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്തു.

വ്യാപാരം, നിക്ഷേപം, വികസന സഹകരണം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ കൂടുതൽ അടുത്ത് സഹകരിക്കുന്നതിൽ രണ്ടു രാജ്യങ്ങളും താത്പര്യം പ്രകടിപ്പിച്ചതായി ഇരുവരുടെയും ചർച്ചകൾക്കുശേഷം വിദേശകാര്യസെക്രട്ടറി വിക്രം മിശ്രി പറഞ്ഞു.

✪✪✪

ഇന്ത്യ-ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ - CEPA പ്രാബല്യത്തിൽ വന്നതായി കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ അറിയിച്ചു. CEPA വെറുമൊരു വ്യാപാര കരാറല്ലെന്നും, നാഗരിക വിശ്വാസത്തിന്റെ പ്രസ്താവനയാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

കരാർ പ്രാബല്യത്തിൽ വന്നതോടെ, ഇന്ത്യയിലെ MSME കൾ, കാർഷിക ഉൽപ്പന്നങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, സമുദ്രോത്പന്നങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ കയറ്റുമതികൾക്ക് ഒമാൻ വിപണിയിൽ മുൻഗണന ലഭിക്കുമെന്നും ഗോയൽ പറഞ്ഞു. ഇസ്രായേൽ, ചിലി, കാനഡ എന്നിവയുൾപ്പെടെ നിരവധി രാജ്യങ്ങളുമായും ഇന്ത്യ കരാർ സംബന്ധിച്ച് ചർച്ച ചെയ്യുന്നുണ്ടെന്നും പിയുഷ് ഗോയൽ അറിയിച്ചു.

✪✪✪

പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ ഇന്ധനം, ഭക്ഷ്യധാന്യങ്ങൾ, മറ്റ് അവശ്യവസ്തുക്കൾ എന്നിവയുടെ തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കാൻ മതിയായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. റെക്കോർഡ് കാർഷിക ഉൽപ്പാദനവും അവശ്യവസ്തുക്കളുടെ മതിയായ സ്റ്റോക്കും ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ മികച്ച സ്ഥാനത്ത് തുടരാൻ രാജ്യത്തെ സഹായിക്കുന്നതായി ഉപഭോക്തൃകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി അനുപം മിശ്ര ന്യൂഡൽഹിയിൽ വ്യക്തമാക്കി.

✪✪✪

13-ാമത് ബ്രിക്സ് നഗരവൽക്കരണ ഫോറം ഇന്ത്യയുടെ അധ്യക്ഷതയിൽ ഈ മാസം 11, 12 തീയതികളിൽ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി മനോഹർ ലാൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

2026-ലെ ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷ പദവിക്ക് കീഴിലെ പ്രധാന മന്ത്രിതല പരിപാടിയാണിത്.

✪✪✪

16-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം ഇന്ന് പുനഃരാരംഭിക്കും. ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പും ഇന്നാണ്.

CPI ലെ മുഹമ്മദ് മുഹ്സിൻ LDF ന് വേണ്ടി പത്രിക നൽകിയതോടെയാണ് തിരഞ്ഞെടുപ്പ് വേണ്ടിവന്നത്. UDF ൽ നിന്ന് കോൺഗ്രസിലെ ഷാനിമോൾ ഉസ്മാനാണ് സ്ഥാനാർഥി. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് മത്സരിക്കേണ്ടെന്നാണ് BJP തീരുമാനം. ഗവർണറുടെ നയപ്രഖ്യാപനത്തിനുമേൽ നന്ദി പ്രമേയ ചർച്ചകൾ സഭയിൽ വ്യാഴാഴ്ച വരെ തുടരും.

✪✪✪

സംസ്ഥാനത്തെ വികിസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. സെക്രട്ടേറിയേറ്റിൽ വകുപ്പ് സെക്രട്ടറിമാരുടെ ഉന്നതതല യോഗത്തിലാണ് മുഖ്യമന്ത്രി ഇക്കാര്യം അറിയിച്ചത്.

സെക്രട്ടേറിയറ്റിലെ പൊതുവായ പ്രശ്നങ്ങളും വിവിധ വകുപ്പുകളിലെ പ്രശ്നങ്ങളും മുഖ്യമന്ത്രി അവലോകനം ചെയ്തു. ഫയൽ നീക്കങ്ങൾ കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കുമെന്നും VD സതീശൻ പറഞ്ഞു.

✪✪✪

ലഹരിക്കെതിരെ സംസ്ഥാന ആഭ്യന്തര വകുപ്പ് ആരംഭിച്ച 'ഓപ്പറേഷൻ തൂഫാൻ; ദി നാർക്കോ ഹണ്ടിന്" ഇന്ന് തുടക്കമാകും. സംസ്ഥാനതല പരിപാടി വൈകീട്ട് തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്യും. ലഹരി മാഫിയകൾക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കുക, പൊതുജന പങ്കാളിത്തത്തോടെ ജനകീയ പ്രതിരോധം തീർക്കുക എന്നിവയാണ് കേരള പൊലീസ് ഓപ്പറേഷൻ തൂഫാനിലൂടെ ലക്ഷ്യമിടുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

രാസലഹരിയുടെ അതിവേഗ വ്യാപനത്തെ പ്രതിരോധിക്കാൻ ഡിജിറ്റൽ യുഗത്തിന് അനുയോജ്യമായ രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ലഹരി മാഫിയകൾക്ക് നിയമത്തിന്റെ കർക്കശമായ മുന്നറിയിപ്പ് നൽകുന്നതിനൊപ്പം, സാധാരണക്കാർക്ക് പൂർണ്ണ സുരക്ഷിതത്വബോധം ഉറപ്പാക്കാനും പദ്ധതി ലക്ഷ്യമിടുന്നു. കുറ്റവാളികളെ നിയമത്തിന് മുന്നിലെത്തിക്കാൻ ആധുനിക അന്വേഷണ രീതികളുപയോഗിച്ച് ദക്ഷിണേന്ത്യയിലെ വിവിധ ആഭ്യന്തര വകുപ്പുകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

ലഹരി മരുന്ന് വ്യാപനം വേരോടെ അറുക്കാനും, ഇവയുടെ ഉപയോഗത്തെക്കുറിച്ച് അതിവേഗം വിവരം ലഭ്യമാക്കാനും ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കും. ലഹരി വിപണനത്തെക്കുറിച്ച് വിവരങ്ങൾ രഹസ്യമായി കൈമാറാൻ ആപ്പുകളും വാട്സാപ്പ് ചാറ്റ്ബോട്ടുകളും അടങ്ങുന്ന വിപുലമായ 'ഡിജിറ്റൽ നിരീക്ഷണ സംവിധാനമാണ് സജ്ജമാക്കുക. സ്കൂൾ തലത്തിൽ പ്രത്യേക കരിക്കുലം നടപ്പിലാക്കിയും, ലഹരി മാഫിയയുടെ സ്വത്തുക്കൾ കണ്ടുകെട്ടിയും ലഹരിക്കെതിരായ പോരാട്ടത്തെ ജനകീയ മുന്നേറ്റമാക്കി മാറ്റാൻ പദ്ധതി ലക്ഷ്യമിടുന്നു.

✪✪✪

യുവജനങ്ങൾക്കിടയിലെ സാംസ്കാരിക കൈമാറ്റവും ദേശീയ ഐക്യവും ശക്തിപ്പെടുത്തുന്നതിൽ യുവ സംഗം പോലെ പദ്ധതികൾ പ്രധാനമാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. കോഴിക്കോട് IIM ൽ ജമ്മു കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിലെ യുവ സംഗം പ്രതിനിധികളുമായി സംവദിക്കുയായിരുന്നു ഗവർണർ. "ഇന്ത്യ ഒരുമിക്കുമ്പോഴാണ് ഇന്ത്യ മുന്നേറുന്നത്- അതാണ് ഏക് ഭാരത് ശ്രേഷ്ഠ ഭാരത് എന്ന ആശയത്തിന്റെ ആത്മാവെന്നും ഗവർണർ പറഞ്ഞു.

സ്വയംപര്യാപ്തത, പരിസ്ഥിതി - സാംസ്കാരിക അവബോധം എന്നിവ വളർത്തിയെടുക്കാൻ അദ്ദേഹം യുവാക്കളെ ആഹ്വാനം ചെയ്തു.

✪✪✪

NEET - UG പുനഃപരീക്ഷ നിലവിലെ പേന- പേപ്പർ ഫോർമാറ്റിന് പകരം കമ്പ്യൂട്ടർ അധിഷ്ഠിത രീതിയിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി സുപ്രീംകോടതി നിരസിച്ചു. ജസ്റ്റിസുമാരായ PS നരസിംഹ, അരവിന്ദ്കുമാർ

എന്നിവരടങ്ങിയ ബെഞ്ച്, കേസ് ജൂലൈ 27 ലേക്ക് വാദം കേൾക്കുന്നതിന് മാറ്റി.

✪✪✪

മനുഷ്യബുദ്ധിയെ നന്മയിലേക്ക് നയിക്കാൻ ഉതകുന്നതായിരിക്കണം വിദ്യാഭ്യാസമെന്ന് മന്ത്രി സണ്ണി ജോസഫ് കാസർകോട്ട് പറഞ്ഞു. കൈക്കോട്ടുകടവ PMSA പൂക്കോയ തങ്ങൾ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ജില്ലാതല പ്രവേശനോത്സവം ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പഠിക്കാൻ മാത്രമല്ല, സ്വപ്നങ്ങൾക്ക് ചിറകു നൽകാൻ കഴിയുന്ന ഇടം കൂടിയാണ് വിദ്യാലയങ്ങൾ എന്ന് മന്ത്രി M.ഷംസുദ്ദീൻ ഓൺലൈൻ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

പ്ലസ് വൺ, VHSE പ്രവേശനത്തിന് നാളെ വരെ അപേക്ഷകൾ സ്വീകരിക്കും. പ്ലസ് വണിന് ഇന്നലെ വൈകീട്ട് വരെ നാല് ലക്ഷത്തി 19,518 അപേക്ഷകളാണ് ലഭിച്ചത്. VHSE ക്ക് 40,199 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് പലയിടങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് പത്തു ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശിച്ചു.

തിരുവനന്തപുരത്ത് നിന്ന് സ്മിതി M പള്ളുരുത്തി...

.....(വോയ്സ്).....

✪✪✪

കാലവർഷം നേരിടാൻ കോഴിക്കോട് ജില്ല സജ്ജമാണെന്ന് ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രി A.P അനിൽകുമാർ പറഞ്ഞു. ജില്ലയിലെ മഴക്കാല

മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്താൻ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രവർത്തനങ്ങൾ ഏറ്റവും താഴെത്തട്ട് മുതൽ തുടങ്ങണമെന്നും, അടിയന്തര സാഹചര്യം നേരിടാൻ വില്ലേജ്, താലൂക്ക്തലം മുതൽ ജില്ലാതലം വരെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

✪✪✪

കാലവർഷത്തിന് മുന്നോടിയായി പത്തനംതിട്ട ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കുമെന്ന് മന്ത്രി P.C വിഷ്ണുനാഥ് അറിയിച്ചു. കാലവർഷ മുന്നൊരുക്കവുമായി ബന്ധപ്പെട്ട് കലക്ടറേറ്റിൽ ചേർന്ന വകുപ്പുകളുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

2025-ലെ ഉള്ളൂർ അവാർഡിന് P.P ശ്രീധരനുണ്ണിയുടെ 'യക്ഷികളുടെ പരിണാമം' എന്ന കൃതി അർഹമായി. പ്രൊഫ. V മധുസൂദനൻ നായർ, ഡോ. ജോയ് വാഴയിൽ, സുഭാഷ്ചന്ദ്രൻ എന്നിവരടങ്ങിയ പുരസ്കാര നിർണയ സമിതിയാണ് അവാർഡ് ജേതാവിനെ തിരഞ്ഞെടുത്തത്. 25,000 രൂപയും പ്രശസ്തിപത്രവും ശില്പവുമടങ്ങുന്ന അവാർഡ് ശനിയാഴ്ച മന്ത്രി CP ജോൺ തിരുവനന്തപുരത്ത് സമ്മാനിക്കും.

✪✪✪

ഏഷ്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിങ് മത്സരവും ഇന്ത്യയിലെ ഏറ്റവും വലിയ സാഹസിക കായിക മേളകളിലൊന്നുമായ മലബാർ റിവർ ഫെസ്റ്റിവൽ പന്ത്രണ്ടാം പതിപ്പ് വിപുലമായി നടത്താൻ സംഘാടക സമിതി യോഗം തീരുമാനിച്ചു. ജൂലൈ 30, 31, ഓഗസ്റ്റ് ഒന്ന്, രണ്ട് തീയതികളിലാണ് കോഴിക്കോട് ചാലിപ്പുഴ, ഇരുവഞ്ഞിപ്പുഴ എന്നിവിടങ്ങളിൽ റിവർ ഫെസ്റ്റിവൽ സംഘടിപ്പിക്കുക.

✪✪✪

---

***News Editor & News Reader: വി കെ സുരേഷ്***
***News Team: സയ്യിദ് അലി ശിഹാബ്, അനുഷ ആത്മപ്രകാശ്***
***DEO: ഷീബ***